പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : 30 09-03-2015 – ൽ മറുപടിയ്ക്ക്

**മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനം**

ചോദ്യം ഉത്തരം

| | | | |
|---|---|---|---|
| | **ശ്രീ.എ.എ.അസീസ്: ശ്രീ.കോവൂർ കുഞ്ഞുമോൻ:** | | **ശ്രീ. കെ. ബാബു മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യബന്ധന തുറമുഖങ്ങളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയത് ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന താഴെപ്പറയുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടു ണ്ട്.<br>1)**<u>അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം:-</u>**<br>75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 4939 ലക്ഷം രൂപയ്ക്ക് കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്ന് ഭരണാനുമതി നൽകിയ തനുസരിച്ച് പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരുന്നു.<br><br>**<u>2)തനൂർ മത്സ്യബന്ധന തുറമുഖം</u>** :-<br>75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 4487 ലക്ഷം രൂപയ്ക്ക് കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്ന് ഭരണാനുമതി നൽകിയ തനുസരിച്ച് പുലിമുട്ടുകളുടെ നിർമ്മാണം, റിക്ലമേഷൻ ബണ്ടിന്റെ നിർമ്മാണം എന്നീ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. റോഡ് നിർമ്മാണം പൂർത്തീകരിച്ചു.<br><br>**<u>3) വെള്ളയിൽ മത്സ്യബന്ധന തുറമുഖം :-</u>**<br>75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 3930.20 ലക്ഷം രൂപയ്ക്ക് കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്ന് ഭരണാനുമതി നൽകിയ തനുസരിച്ച് പുലിമുട്ടുകൾ, വാർഫ്, ലേലഹാൾ എന്നീ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br><br>**<u>4) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം:-</u>**<br><br>75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 4480 ലക്ഷം രൂപയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമായ ടി പദ്ധതിയ്ക്ക് സംസ്ഥാന സർക്കാരിൽ നിന്നും ഭരണാനുമതി നൽകിയ തനുസരിച്ച് |

ദർഘാസ് നടപടികൾ പൂർത്തിയായി എങ്കിലും ഫേമിന്റെ മാനേജിംഗ് പാർട്ട്ണർ മരണപ്പെട്ടതിനാൽ കരാർ വയ്ക്കുന്നത് സംബന്ധിച്ച് പാർട്ട്ണർമാർ തമ്മിൽ കോടതിയിൽ തർക്കം നിലവിൽ വന്നതിനാൽ കരാർ വയ്ക്കാൻ സാധിച്ചില്ല. ഇപ്പോൾ ഗവൺമെന്റ് നിർദ്ദേശം നൽകിയതുപ്രകാരം പുന:ദർഘാസിനുള്ള നടപടികൾ ഏർപ്പാടാക്കി വരുന്നു.

**<u>5) ചേറ്റുവ മത്സ്യബന്ധന തുറമുഖം:-</u>**

75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 3024 ലക്ഷം രൂപയുടെ അംഗീകാരം കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്ന് നൽകിയിരുന്നു. വാർഫ്, ലേലഹാൾ, ഇന്റേണൽ റോഡ്, പാർക്കിംഗ് ഏരിയ, നെറ്റ് മെൻഡിംഗ് ഷെഡ്, ഗിയർ ഷെഡ്, വർക്ക്ഷോപ്പ് ബിൽഡിംഗ്, ഷോപ്പ് ബിൽഡിംഗ്, റെസ്റ്റ് ഷെഡ്, അഡീഷണൽ ലോക്കർ റൂം, ടോയ്‌ലെറ്റ് ബ്ലോക്ക്, കോമ്പൗണ്ട് വാൾ, ഗേറ്റ് ഹൗസ്, വാട്ടർ സപ്ലൈ അറേഞ്ച്മെന്റ്, അപ്രോച്ച് റോഡിന്റെ വൈഡനിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. പുലിമുട്ടുകളുടെ നിർമ്മാണം, തെക്കേ പുലിമുട്ടിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം, എൻക്ലോസിംഗ് ന്യൂ ആക്ഷൻ ഹാൾ, എൻക്ലോസിംഗ് ആക്ഷൻ ഹാളിന്റെ പുനരുദ്ധാരണം, ഡ്രെഡ്ജിംഗ് എന്നീ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ടി പദ്ധതിയുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്.

**<u>6) ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം :-</u>**

75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 2906 ലക്ഷം രൂപയ്ക്ക് കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്ന് ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിയിൽ ഉൾപ്പെട്ട പുലിമുട്ടുകൾ, വാർഫ്, ലേലഹാൾ, ഡ്രെഡ്ജിംഗ്, ഓഫീസ് ബിൽഡിംഗ്, ഗിയർഷെഡ്, തീരസംരക്ഷണഭിത്തി, റോഡ്,പാർക്കിംഗ് ഏരിയ, കാന്റീൻ, ഷോപ്പ് ബിൽഡിംഗ്, റെസ്റ്റ്ഷെഡ്, വർക്ക്ഷോപ്പ്, ടോയ്‌ലെറ്റ് ബ്ലോക്ക്, ട്രീറ്റ്മെന്റ് പ്ലാന്റ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഗേറ്റ്, ഗേറ്റ്ഹൗസ്, കോമ്പൗണ്ട് വാൾ, വാട്ടർ സപ്ലൈ സംവിധാനം എന്നീ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ടി പദ്ധതിയുടെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്.

**<u>7) തലായ് മത്സ്യബന്ധന തുറമുഖം :-</u>**

50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെട്ട ടി പദ്ധതിയ്ക്ക് 3479.50 ലക്ഷം രൂപയുടെ

കോംപ്രിഹെൻസീവ് റിപ്പോർട്ടിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായതനുസരിച്ച് സംസ്ഥാന സർക്കാരിന്റെ പുതുക്കിയ ഭരണാനുമതി നൽകുകയും ശേഷിക്കുന്ന പ്രവൃത്തികളായ ഡ്രെഡ്ജിംഗ്, റിക്ലമേഷൻ, ഇന്റേണൽ റോഡ്, പാർക്കിംഗ് ഏരിയ, ഗിയർഷെഡ്, നെറ്റ് മെൻഡിംഗ് ഷെഡ്, വർക്ക് ഷോപ്പ് ബിൽഡിംഗ് എന്നിവ ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

**<u>8) കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം :-</u>**

50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെട്ട ടി പദ്ധതിയ്ക്ക് 6399 ലക്ഷം രൂപയുടെ കോംപ്രിഹെൻസീവ് റിപ്പോർട്ടിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായതനുസരിച്ച് സംസ്ഥാന സർക്കാർ പുതുക്കിയ ഭരണാനുമതി നൽകുകയും ശേഷിക്കുന്ന പ്രവൃത്തികളായ ഓക്ഷൻ ഹാൾII , ഡ്രെഡ്ജിംഗ്, റോഡ്, പാർക്കിംഗ് ഏരിയ, പ്രൊവിഷൻ സ്റ്റോർ, ഗേറ്റ്, ഗേറ്റ് ഹൗസ്, എക്സിസ്റ്റിംഗ് സ്ട്രക്ച്ചറുകളുടെ മോഡിഫിക്കേഷൻ, കോമ്പൗണ്ട് വാൾ, ഡ്രെയിനേജ്, സ്വീവേജ്, ടോയ്‌ലെറ്റ് ബ്ലോക്ക്, ഇലക്ട്രിഫിക്കേഷൻ എന്നിവ ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

**9) <u>പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ മെയിന്റനൻസ് ഡ്രെഡ്ജിംഗ്</u>**

പൂർത്തീകരിച്ച 9 മത്സ്യബന്ധന തുറമുഖങ്ങളുടെ അഴീക്കൽ, ചോമ്പാൽ, മുനമ്പം, ബേപ്പൂർ, തോട്ടപ്പള്ളി, കായംകുളം, നീണ്ട കര, പുതിയാപ്പ, മോപ്പിളബേ ഡ്രെഡ്ജിംഗിനായി 50% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 2940.56 ലക്ഷം രൂപയുടെ അനുമതി കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമായതനുസരിച്ച് അഴീക്കൽ, ചോമ്പാൽ, മുനമ്പം, തോട്ടപ്പള്ളി (ആദ്യഘട്ടം) എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയും ചെയ്യുന്നു.

**<u>10) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം :-</u>**
**<u>(ആർ.കെ.വി.വൈ പദ്ധതി)</u>**

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ ശേഷിക്കുന്ന പ്രവൃത്തികൾക്ക് 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈയിൽ ഉൾപ്പെടുത്തി 3102 ലക്ഷം രൂപയുടെ അനുമതി സംസ്ഥാന സർക്കാ ർ നൽകിയതനുസരിച്ച് പുലിമുട്ടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

**11) <u>മോപ്പിളബേ മത്സ്യബന്ധന തുറമുഖത്തിന്റെ റിവൈവൽ പ്രവൃത്തി (ആർ.കെ.വി.വൈ പദ്ധതി)</u>**

മോപ്പിളബേ മത്സ്യബന്ധന തുറമുഖത്തിന്റെ റിവൈവൽ പ്രവൃത്തികൾക്കായി 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ. വി.വൈയിൽ ഉൾപ്പെടുത്തി 1513.90 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായതനുസരിച്ച് പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**12) <u>കാസർഗോഡ് മത്സ്യബന്ധന തുറമുഖം:- (RKVY)</u>**

ആർ.കെ.വി.വൈ പദ്ധതിയിലുൾപ്പെട്ട കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായി 2975 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ തനുസരിച്ച് ബ്രേക്ക് വാട്ടർ, അപ്രോച്ച് റോഡ്, ഗേറ്റ് & ഗേറ്റ് ഹൗസ്, കോമ്പൗണ്ട് വാൾ, ഷോർ പ്രൊട്ടക്ഷൻ വാൾ, പാർക്കിംഗ് ഏരിയ, നെറ്റ് മെൻഡിംഗ് ഷെഡ്, ടോയ്ലെറ്റ് ബ്ലോക്ക് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. വാർഫ്, ആക്ഷൻ ഹാൾ, പ്രൊട്ടക്ഷൻ ബണ്ട്, റിക്ലമേഷൻ ബണ്ട്, ഡ്രെഡ്ജിംഗ് എന്നീ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

**13) <u>പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളിൽ കോൾഡ് സ്റ്റോറേജും, ഐസ് പ്ലാന്റും നിർമ്മിക്കൽ</u>**

ആർ.കെ.വി.വൈ പദ്ധതിയിലുൾപ്പെടുത്തി വിഴിഞ്ഞം, തങ്കശ്ശേരി, പുതിയാപ്പ, ചോമ്പാൽ, അഴീക്കൽ, എന്നീ 5 മത്സ്യബന്ധന തുറമുഖങ്ങളിൽ കോൾഡ് സ്റ്റോറേജും ഐസ് പ്ലാന്റും നിർമ്മിക്കുന്നതിനായി 100 ലക്ഷം രൂപ വീതം അംഗീകാരം ലഭിച്ചിട്ടു ണ്ട്. പുതിയാപ്പ, അഴീക്കൽ പ്രവൃത്തി പുരോഗമിക്കുന്നു. മറ്റ് പ്രവൃത്തികൾ ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**14)** 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എഫ്.ഡി.ബിയിൽ ഉൾപ്പെടുത്തി ഈ സർക്കാർ അധികാരമേറ്റ ശേഷം താഴെപ്പറയുന്ന പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

i) മുനമ്പം മത്സ്യബന്ധന തുറമുഖത്തിന്റെ പുനരുദ്ധാരണത്തിനായി 136.82 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ തനുസരിച്ച് ജലവിതരണ സംവിധാനം, ചുറ്റുമതിൽ, ഓക്ഷൻ ഹാളിന്റെ നവീകരണം, എന്നിവ പൂർത്തീകരിച്ചു. ശേഷിക്കുന്ന

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ പൂർത്തീകരിച്ച് വരുന്നു.<br>ii) ചോമ്പാൽ മത്സ്യബന്ധന തുറമുഖത്തിന്റെ പുനരുദ്ധാരണത്തിനായി 336 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ തനുസരിച്ച് പാർക്കിംഗ് ഏരിയയുടെ പുനരുദ്ധാരണം, വാട്ടർ സപ്ലൈ സംവിധാനത്തിന്റെ പുനരുദ്ധാരണം, ഡ്രെയിനേജ് സംവിധാനം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br>ഇന്റേണൽ റോഡിന്റെ റീസർഫസിംഗ്, കോമ്പൗണ്ട് വാളിന്റെ നിർമ്മാണം, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയയുടെ നിർമ്മാണം, ഇലക്ട്രിക്കൽ സിസ്റ്റത്തിന്റെ പുനരുദ്ധാരണം, പുതിയ ഗൈഡ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ പുരോഗമിക്കുന്നു.<br>iii)ബേപ്പൂർ മത്സ്യബന്ധന തുറമുഖത്തിന്റെ പുനരുദ്ധാരണത്തിനായി 299.17 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ തനുസരിച്ച് പ്രധാന ഘടകങ്ങളായ ഫിഷ് ലോഡിംഗ് ഏരിയയുടെയും പാർക്കിംഗ് ഏരിയയുടെയും പുനരുദ്ധാരണം, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, നെറ്റ് മെൻഡിംഗ് ഷെഡ്, ലേലപ്പുരയുടെ നിർമ്മാണം, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്നവ പുരോഗമിക്കുന്നു.<br>iv) തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ പുനരുദ്ധാരണത്തിനായി 138 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവർത്തിയ്ക്ക് ദർഘാസ് അംഗീകാരം നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.<br><br>കൂടാതെ 2010-ൽ അംഗീകാരം ലഭ്യമായ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>i) നീണ്ടകരയിലും ശക്തികുളങ്ങരയിലും നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങളുടെ പുനരുദ്ധാരണത്തിനായി 1003 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടു ണ്ട്. സിവിൽ പ്രവൃത്തികളെല്ലാം തന്നെ പൂർത്തിയായിട്ടു ണ്ട്. ഐസ് പ്ലാന്റിന്റെ പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ii) കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ ഡെവലപ്പ്മെന്റിനായി 259 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടു ണ്ട്. ബൗണ്ടറി തർക്കം നിലവിലുള്ളതിനാൽ ഡ്രെയിനിന്റെ പ്രവൃത്തി മന്ദഗതിയിലായി. മത്സ്യത്തൊഴിലാളികളുടെ എതിർപ്പ് മൂലം |

| | | | |
|---|---|---|---|
| | | | ലേലഹാളിന്റെയും വാർഫിന്റെയും ഫിനിഷിംഗ് പ്രവൃത്തികൾ തടസ്സപ്പെട്ടു. ഇപ്പോൾ പ്രവൃത്തി പൂർത്തീകരിച്ചു വരുന്നു.<br>iii) പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 280 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ തനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ചു. |
| ബി) | വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്നും എന്തൊക്കെ സഹായങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന താഴെപ്പറയുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്നും ഭരണാനുമതി ലഭ്യമായിട്ടു ണ്ട്.<br>(1) 75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അർത്തുങ്കൽ (4939 ലക്ഷം), വെള്ളയിൽ (4487 ലക്ഷം), താനൂർ (3930.20 ലക്ഷം), മഞ്ചേശ്വരം (4480 ലക്ഷം), എന്നീ മത്സ്യബന്ധന തുറമുഖങ്ങൾക്ക് അംഗീകാരം ലഭ്യമായി.<br>(2) 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച 9 മത്സ്യബന്ധന തുറമുഖങ്ങളുടെ അഴീക്കൽ, മുനമ്പം, ചോമ്പാൽ, തോട്ടപ്പള്ളി, കായംകുളം ബേപ്പൂർ, നീ ണ്ടകര, പുതിയാപ്പ മോപ്പിളബേ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ മെയിന്റനൻസ് ഡ്രെഡ്ജിംഗിനായി 2940.56 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടു ണ്ട്.<br>(3) 50% കേന്ദ്രാവിഷ്കൃത പദ്ധതികളായ തലായ് മത്സ്യബന്ധന തുറമുഖത്തിനും, കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിനും യഥാക്രമം 3479.50 ലക്ഷം രൂപ, 6399 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമായിട്ടു ണ്ട്.<br>(4) ആർ.കെ.വി.വൈ പദ്ധതിയിലുൾപ്പെടുത്തി മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ ബാലൻസ് പ്രവൃത്തികൾ (3102 ലക്ഷം രൂപ), മോപ്പിളബേ മത്സ്യബന്ധന തുറമുഖത്തിന്റെ റിവൈവൽ പ്രവൃത്തി (1513.90 ലക്ഷം രൂപ), വിഴിഞ്ഞം, തങ്കശ്ശേരി , പുതിയാപ്പ, ചോമ്പാൽ, അഴീക്കൽ, എന്നീ 5 മത്സ്യബന്ധന തുറമുഖങ്ങളിൽ കോൾഡ് സ്റ്റോറേജും ഐസ് പ്ലാന്റും നിർമ്മിക്കുന്ന പ്രവൃത്തി (500 ലക്ഷം രൂപ) തുടങ്ങിയവയ്ക്കായി 5115.9 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടു ണ്ട്. |

| | | | |
|---|---|---|---|
| | | | (5) എൻ.എഫ്.ഡി.ബി പദ്ധതിയിലുൾപ്പെടുത്തി പൂർത്തിയായ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണ പ്രവൃത്തികൾക്കായി തോട്ടപ്പള്ളി (138 ലക്ഷം), മുനമ്പം (136.82 ലക്ഷം), ചോമ്പാൽ (336 ലക്ഷം), ബേപ്പൂർ (299.17 ലക്ഷം) തുടങ്ങിയ പ്രവൃത്തികൾക്ക് 909.97 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടു ണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനായി 5190.46 ലക്ഷം രൂപ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും 2185 ലക്ഷം രൂപ ആർ.കെ.വി.വൈ പദ്ധതികൾക്കായി കൃഷി വകുപ്പിൽ നിന്നും 636.03 ലക്ഷം രൂപ എൻ.എഫ്.ഡി.ബിയിൽ നിന്നും കേന്ദ്ര സഹായമായി ലഭ്യമായിട്ടു ണ്ട്. വിശദാംശം ലിസ്റ്റ് 1-ൽ ഉള്ളടക്കം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**

| | ലിസ്റ്റ് - 1 | | |
|---|---|---|---|
| | **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | |
| ക്രമ നമ്പർ | പദ്ധതി | | ലഭിച്ച തുക ലക്ഷത്തിൽ ( 2011 മേയ് മുതൽ) |
| 1 | പൊന്നാനി മത്സ്യബന്ധനതുറമുഖം ( 50% കേന്ദ്രവിഹിതം) | - | 24.70 |
| 2 | തലായ് മത്സ്യബന്ധന തുറമുഖം ( 50% കേന്ദ്രവിഹിതം) | - | 200.00 |
| 3 | തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖം ( 50% കേന്ദ്രവിഹിതം) | - | 70.13 |
| 4 | കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം ( 50% കേന്ദ്രവിഹിതം) | - | 472.50 |
| 5 | ചേറ്റുവ മത്സ്യബന്ധന തുറമുഖം( 75% കേന്ദ്രവിഹിതം) | - | 1300.00 |
| 6 | ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം ( 75% കേന്ദ്രവിഹിതം) | - | 1050.00 |
| 7 | കായംകുളം മത്സ്യബന്ധന തുറമുഖം ( 50% കേന്ദ്രവിഹിതം) | - | 12.30 |
| 8 | മത്സ്യബന്ധന തുറമുഖങ്ങളിലെ മെയിന്റനൻസ് ഡ്രഡ്ജിംഗ് (50% കേന്ദ്രവിഹിതം) | - | 210.80 |
| 9 | വെള്ളയിൽ - മത്സ്യബന്ധന തുറമുഖം ( 75% കേന്ദ്രവിഹിതം) | - | 500.00 |
| 10 | താനൂർ മത്സ്യബന്ധന തുറമുഖം ( 75% കേന്ദ്രവിഹിതം) | - | 500.00 |
| 11 | അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം ( 75% കേന്ദ്രവിഹിതം) | - | 500.00 |
| 12 | മുനയ്ക്കക്കടവ് ഫിഷ്ലാന്റിംഗ് സെന്റർ (75% കേന്ദ്രവിഹിതം) | - | 123.25 |
| 13 | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം ( 75% കേന്ദ്രവിഹിതം) | - | 100.00 |
| 14 | പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിലെ മെയിന്റനൻസ് ഡ്രഡ്ജിംഗ് | - | 26.50 |
| 15 | മാപ്പിളബേ തുറമുഖത്തിലെ മെയിന്റനൻസ് ഡ്രഡ്ജിംഗ് | - | 100.28 |
| | ആകെ | - | 5190.46 |

## ആർ.കെ.വി.വൈ പദ്ധതികൾക്കായി സംസ്ഥാന കൃഷിവകുപ്പിൽ നിന്ന് ലഭിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ

1. കാസർഗോഡ് മത്സ്യബന്ധന തുറമുഖം - 485.00 ലക്ഷം രൂപ
2. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം - 1700.00 ലക്ഷം രൂപ

ആകെ - 2185 ലക്ഷം രൂപ

===============

## നാഷണൽ ഫിഷറി ഡെവലപ്മെന്റ് ബോർഡിൽ നിന്നും ലഭിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ

| | | |
|---|---|---|
| മുനമ്പം മത്സ്യബന്ധന തുറമുഖം | - | 102.82 ലക്ഷം രൂപ |
| ബേപ്പൂർ മത്സ്യബന്ധന തുറമുഖം | - | 269.46 ലക്ഷം രൂപ |
| ചോമ്പാൽ മത്സ്യബന്ധന തുറമുഖം | - | 204.00 ലക്ഷം രൂപ |
| തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖം | - | 34.50 ലക്ഷം രൂപ |
| തങ്കശ്ശേരി മത്സ്യബന്ധന തുറമുഖം | - | 25.25 ലക്ഷം രൂപ |
| ആകെ | - | 636.03 ലക്ഷം രൂപ |

===============

Jayasree
സെക്ഷൻ ഓഫീസർ